പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4079 — 20-03-2018-ലെ മറുപടിയ്ക്ക്

**ഓഖി ചുഴലിക്കാറ്റ്- കാർഷികമേഖലയിലെ നാശനഷ്ടങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. ശശി** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റിന്റെ ദുരിതം കർഷക മേഖലയെ എത്തരത്തിൽ ബാധിച്ചു; എത്ര തുകയുടെ നഷ്ടം കാർഷിക മേഖലയും കർഷകർക്കും ഉണ്ടായി; വിശദാംശം ലഭ്യമാക്കുമോ; | **(എ)** | ഓഖി ചുഴലിക്കാറ്റ് മൂലം കാർഷിക മേഖലയിൽ 14,07,13,740/- രൂപയുടെ നഷ്ടം ഉണ്ടായതായിട്ടാണ് പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. |
| **(ബി)** പ്രസ്തുത കാർഷിക മേഖല പുനരുദ്ധരിക്കാനും കർഷകരെ സഹായിക്കാനുമായി കൃഷി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | **(ബി)** | കർഷകന്റെ പക്കൽ നിന്നും നഷ്ടപരിഹാരത്തിന് അപേക്ഷകൾ സ്വീകരിക്കുകയും ആയത് പരിശോധിച്ച് ക്ലെയിം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഷ്വർ ചെയ്ത വിളകളെ സംബന്ധിച്ചിടത്തോളം, സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും ഉടനടി കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇൻഷ്വർ ചെയ്യാത്ത വിളകളെ സംബന്ധിച്ചിടത്തോളം നഷ്ടപരിഹാരതുക പ്രകൃതി ദുരിതാശ്വാസ ഫണ്ടിൽ നിന്നും ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| **(സി)** ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങൾ പ്രഖ്യാപിച്ചു; എന്തു ലഭിച്ചു; കൃഷി വകുപ്പ് എത്ര തുകയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചു;വിശദാംശം ലഭ്യമാക്കുമോ? | **(സി)** | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും കാർഷിക മേഖലയിലുണ്ടായ നഷ്ടം 14,07,13,740/- രൂപ ഉൾപ്പെടെ അധിക സഹായമായി 431 കോടി രൂപ ആവശ്യപ്പെട്ട് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇതിൽ 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**